**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2886** **13-10-2021 - ൽ മറുപടിയ്ക്ക്**

**ആനക്കയം പഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആനക്കയം പഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) | ആനക്കയം പഞ്ചായത്തിൽ ആനക്കയം അർബൻ കുടിവെള്ള പദ്ധതി (8 എം.എൽ.ഡി പ്ളാൻറ്) നിലവിലുണ്ട്. പ്രസ്തുത പദ്ധതിയിൽ നിന്നും ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആനക്കയം പന്തല്ലൂർ വില്ലേജുകളിൽ പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതുമായ പ്രവർത്തികളും നിലവിലുള്ള പദ്ധതിയുടെ പുനരുദ്ധാരണവും നടന്നു വരുന്നുണ്ട്. വീടുകളിലേക്ക് കണക്ഷൻ നൽകുന്ന പ്രവർത്തി പുരോഗമിച്ചു വരുന്നു. |
| (ബി) | ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ മാറ്റുന്ന നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും ഇതിനായി അനുവദിച്ച ഫണ്ട് എത്രയെന്നും പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന ജോലികൾ ത്വരിതപ്പെടുത്തുമോയെന്നും വിശദമാക്കാമോ; | (ബി) | ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആനക്കയം പഞ്ചായത്തിനായി ഭരണാനുമതി നൽകിയ 2653 ലക്ഷം രൂപയുടെ പ്രൃവൃത്തിയിൽ ഇതുവരെ 5000 മീറ്റർ പൈപ്പ് ലൈൻ മാറ്റുകയും 1551 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| (സി) | ആനക്കയം പഞ്ചായത്തിലെ ഇരുമ്പുഴി കരുമാഞ്ചേരി കുടിവെള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ ഫണ്ട് അനുവദിക്കുമോ; വ്യക്തമാക്കാമോ? | (സി) | ആനക്കയം പഞ്ചായത്തിലെ ഇരുമ്പുഴി കരുമാഞ്ചേരിപറമ്പ് ഉൾപ്പെട്ട പഞ്ചായത്തിലെ വാർഡ് 1, 2, 3, 17 മുതൽ 23 വരെയുള്ള പ്രദേശങ്ങളിൽ നിലവിലെ പദ്ധതിയിൽ നിന്നും കുടിവെള്ള വിതരണം നടത്താൻ സാധിക്കില്ല. ആ പ്രദേശങ്ങളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനായി കടലുണ്ടിപ്പുഴയിൽ പുതിയ കിണറും ജല ശുദ്ധീകരണ ശാലയും വിതരണ ശൃംഖലയും കൂടാതെ വിതരണശൃംഖല പൂർത്തീകരിക്കുവാൻ ബാക്കിയുള്ള മറ്റുമേഖലകളേയും ഉൾപ്പെടുത്തി പുതിയ പദ്ധതിക്ക് വേണ്ട വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു |

സെക്ഷൻ ഓഫീസർ